അനാഥക്കുട്ടികൾ

* 850. [16] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാഥരായി യാചകവൃത്തിയിലേർപ്പെട്ട എത്ര കുട്ടികൾ (12 വയസ്സിനുതാഴെ) ഈ സംസ്ഥാനത്തിൽ ഉണ്ടായിരിക്കുമെന്നു പറയാമോ; ഓരോ ജില്ലയിലും എത്ര ;

(ബി) ഇങ്ങനെയുള്ള കുട്ടികളുടെ മേൽ സർവ്വേ നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നടത്തി, അവരെ നിർബന്ധപൂർവ്വം അനാഥമന്ദിരത്തിലേക്കോ മറ്റോ അയയ്ക്കുവാൻ പരിപാടി ആസൂത്രണം ചെയ്യുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) കൃത്യമായി പറയാൻ നിവൃത്തിയില്ല.

(ബി) ഇല്ല.

(സി) ഇക്കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കുമെന്നു പരിശോധിക്കാം.

ശ്രീ. കെ. ഹസ്സൻ ഗനി : ഇങ്ങനെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കുട്ടികളെ താമസിപ്പിക്കാൻ മട്ടാഞ്ചേരിയിൽ ഒരു കേന്ദ്രമുണ്ട്. അതു് വളരെ അധഃപതിച്ച നിലയിലാണു് നടക്കുന്നതു്. ആ കേന്ദ്രം നല്ല നിലയിൽ നടത്തുന്നതിനുവേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെയുള്ള കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കാം

നിറുത്തിവച്ച മരാമത്തുവേലകൾ

* 851. [17] ശ്രീ. പി. കെ. നാരായണൻ നമ്പ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തിരാവസ്ഥമൂലം നിറുത്തിവച്ച മരാമത്തുവേലകൾ 1964-65 സാമ്പത്തികവർഷത്തിൽ പുനരാരംഭിക്കുന്നുണ്ടോ ;

(ബി) ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണു് ;

(സി) മലയോരപ്രദേശങ്ങളെ ഏറ്റവും അടുത്ത പട്ടണപ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകൾക്കും പാലങ്ങൾക്കും മുൻഗണന നൽകി അടുത്ത സാമ്പത്തിക വർഷത്തിൽ പ്രവൃത്തി തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(ഡി) കൊയിലാണ്ടി സബ്ഡിവിഷനിൽപ്പെട്ട മലയോര റോഡായ പേരാമ്പ്ര—ചെമ്പ്ര—പെരുവണ്ണാമൂഴി റോഡും ചെമ്പ്ര പാലവും അടുത്തവർഷം പ്രവൃത്തി തുടങ്ങുവാൻ നിർദ്ദേശം നൽകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ, ബി) ധനദൗർലഭ്യം മൂലം മാറ്റിവച്ചിട്ടുള്ള എല്ലാ വർക്കുകളും 1964–65 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുക സാദ്ധ്യമല്ല. പുതിയ വർക്കുകൾ തുടങ്ങുന്ന കാര്യം അടുത്തവർഷത്തെ ധനസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നതു്.

(സി, ഡി) ഓരോ പ്രവൃത്തിയുടെയും പ്രാധാന്യവും ധനലഭ്യതയും പരിശോധന ചെയ്യാതെ ഇതേപ്പറ്റി ഇപ്പോൾ പറയുവാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly